സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം

(സാന്നിദ്ധ്യം : എസ് ബിന്ദു)

സംഗ്രഹം

**വർക്കല ഗ്രൂപ്പിലെ ശാർക്കര ദേവസ്വം കണക്കുകൾ 11/22 ൽ പരിശോധിച്ചത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**R.O.C 5800/23/OAD** നന്തൻകോട്, 16/05/2025

---

പരാമർശം :

1. ദേവസ്വം കമ്മീഷണർ ആഫീസിലെ 29/05/2023 ലെ ROC 1432/23/OAD നമ്പർ റിപ്പോർട്ട്
2. 21/06/2023 ലെ മേൽ നമ്പർ ഉത്തരവ്
3. 23/06/2023 ലെ മേൽ നമ്പർ ഉത്തരവ്
4. ദേവസ്വം കമ്മീഷണർ ആഫീസിലെ 21/02/2025 ലെ ROC 1432/23/OAD നമ്പർ റിപ്പോർട്ട്

വർക്കല ഗ്രൂപ്പിൽപ്പെട്ട ശാർക്കര ദേവസ്വം വക കണക്കുകൾ 11/22 ൽ ആഡിറ്റ് നടത്തി തയ്യാറാക്കിയ നോട്ട് പ്രകാരം ശാർക്കര ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന ആ കാലയളവിലെ വർക്കല ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസറായ ശ്രീമതി.ബി.എസ്.സിന്ധുറാണിയുടെ പേരിലുള്ള ചുമതല തുക സംബന്ധിച്ച് ടിയാൾ ഹാജരാക്കിയ അപേക്ഷയിൽ ടി ദേവസ്വത്തിൽ മുമ്പ് ചാർജ്ജ് വഹിച്ചിരുന്ന സബ്ഗ്രൂപ്പാഫീസർ ശ്രീ.സുരേഷ്കുമാർ മുൻകൂട്ടി മഹസ്സർ തയ്യാറാക്കിയ ശേഷം ആശുപത്രിയിൽ പോയിട്ടുള്ളതാണെന്നും ചുമതല ഏറ്റെടുക്കുന്ന വേളയിൽ ശ്രീ.സുരേഷ്കുമാർ ദേവസ്വത്തിൽ ഹാജരായിരുന്നില്ലായെന്നും മുൻകൂട്ടി തയ്യാറാക്കിയ മഹസ്സറിലെ ശർക്കര ബോദ്ധ്യപ്പെടുത്തി ഏൽപ്പിയ്ക്കാതെ ദേവസ്വം വിട്ട് പോയിട്ടുള്ളതിനാൽ ശർക്കര ഏറ്റെടുത്തിട്ടില്ലായെന്ന് മഹസ്സറിൽ രേഖപ്പെടുത്തിയാണ് ടിയാൾ ചുമതല ഏറ്റിട്ടുള്ളതെന്നും ടി സാഹചര്യത്തിൽ ശാർക്കര ദേവസ്വത്തിലെ 11/22 ആഡിറ്റ് നോട്ടിൽ ശർക്കര സ്റ്റോക്കിൽ കുറവായി കാണപ്പെട്ട ഇനത്തിൽ ശ്രീമതി.ബി.എസ്.സിന്ധുറാണിയുടെ പേരിൽ ചുമത്തിയിട്ടുള്ള ചുമതല പൂർണ്ണമായും ഒഴിവാക്കി നൽകണമെന്ന് വിവരിച്ചിട്ടുള്ളതാണെന്നും ടി വിഷയം സംബന്ധിച്ച് ശ്രീ.സുരേഷ്കുമാറിന്റെ പരാതിയിൽ ടി ദേവസ്വം ചാർജ്ജ് ടിയാൻ കൈമാറിയ അവസരത്തിൽ സ്റ്റോക്ക് രജിസ്റ്ററും പടിയുള്ള ശർക്കര മഹസ്സർ പ്രകാരം ശ്രീമതി.സിന്ധുറാണിയെ ഏൽപ്പിച്ചിരുന്നുവെന്നും ആയത് ബോദ്ധ്യപ്പെട്ട് ടിയാൾ ഏറ്റെടുത്തിട്ടിള്ളതാണെന്നും എന്നാൽ ചാർജ്ജ് കൈമാറ്റത്തിന്ശേഷം ടിയാന്റെ അറിവോ സമ്മതമോകൂടാതെ മേലാഫീസിൽ അറിയിക്കാതെയും ശ്രീമതി.സിന്ധുറാണി ചാർജ്ജ് മഹസ്സറിൽ തിരുത്ത് വരുത്തിയത് ആഡിറ്റ് റിവ്യൂ സമയത്ത് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും, കൂടാതെ ശ്രീമതി.സിന്ധുറാണി, ശ്രീ.ജെ.ഉണ്ണികൃഷ്ണന് ചാർജ്ജ് കൈമാറിയവേളയിൽ തയ്യാറാക്കിയ മഹസ്സറിലും 1962 കി.ഗ്രാം ശർക്കര എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ആയത് തിരുത്തുവരുത്തിയതായും പരാതിയിൽ പറഞ്ഞിട്ടുള്ളതാണെന്നും ശ്രീമതി.സിന്ധുറാണി ഹാജരാക്കിയ അപേക്ഷയും ശ്രീ.സുരേഷ്കുമാർ

നൽകിയ പരാതിയും ഗൗരവമായി അന്വേഷിച്ച് പരിഹാരം കാണേണ്ട വിഷയമായതിനാൽ ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും അന്വേഷണത്തിനായി ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) നെ ചുമതലപ്പെടുത്തി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) ടെ അന്വേഷണ റിപ്പോർട്ടിൽ ശ്രീമതി. സിന്ധുറാണി മീനഭരണി മഹോത്സവത്തിന്റെ തലേദിവസം ശാർക്കര ദേവസ്വത്തിന്റെ ചാർജ് ഏറ്റെടുത്തിട്ടുള്ളതായും ചാർജ് കൈമാറിയ സുരേഷ്കുമാർ തുലാഭാര ഇനത്തിലുള്ള ശർക്കര, തൂക്കം ബോദ്ധ്യപ്പെടുത്തി ഏൽപ്പിയ്ക്കാൻ തയ്യാറായിട്ടില്ലാത്തതാണെന്നും ഉത്സവതിരക്ക്മൂലം ശ്രീമതി.സിന്ധുറാണിയ്ക്ക് ആയത് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നും തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ആഫീസറായി ചാർജ് എടുത്ത ശ്രീ.ജെ.ഉണ്ണികൃഷ്ണൻനായർ ശർക്കര തൂക്കി ബോദ്ധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് പരിശോധിച്ചപ്പോൾ 830 കി.ഗ്രാം ശർക്കര മാത്രമേ കാണപ്പെട്ടിട്ടുള്ളൂവെന്നും സ്റ്റോക്ക് രജിസ്റ്ററിൽ 1982 കി.ഗ്രാം എന്ന് കാണപ്പെട്ടുവെന്നും 1152 കി.ഗ്രാം ശർക്കരയുടെ വില ചുമതലയായി തിട്ടപ്പെടുത്തി കാണുന്നുവെന്നും ശർക്കര തൂക്കി ബോദ്ധ്യപ്പെടുത്തുവാൻ ശ്രീ.സുരേഷ്കുമാർ തയ്യാറായിട്ടില്ലാത്തതിനാൽ ടി ചുമതല ശ്രീ.സുരേഷ്കുമാർ ഒടുക്ക് വരുത്തണമെന്ന് നിർ ദ്ദേശിച്ചിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) റുടെ റിപ്പോർട്ടിലെ ശിപാർശ കണക്കിലെടുത്ത് 11/22 ശാർക്കര ദേവസ്വം ആഡിറ്റ് നോട്ട് പ്രകാരം ശർക്കര സ്റ്റോക്കിൽ കുറവ് വന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചുമതല ശ്രീ.സുരേഷ്കുമാറിൽ നിന്നും ഈടാക്കുന്നതിന് അനുവദിച്ച് ഉത്തരവുണ്ടാകുന്നതിലേയ്ക്ക് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു.(പരാമർശം 1)

തുടർന്ന് ടി ആഡിറ്റ് നോട്ട് പ്രകാരം ഡിപ്പാർട്ട്മെന്റിന് ലഭിക്കുവാനുള്ള തുക അടിയന്തിരത്തിൽ ഈടാക്കി ഒടുക്കു വരുത്തുന്നതിനും വിശദവിവരത്തിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകി. (പരാമർശം 2)

പ്രസ്തുത വിഷയം സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് പരിശോധിച്ച് വർക്കല ഗ്രൂപ്പിൽപ്പെട്ട ശാർക്കര ദേവസ്വം 11/22 ആഡിറ്റ് നോട്ട് പ്രകാരമുള്ള ശർക്കര വില സംബന്ധിച്ച് ബാദ്ധ്യത തുക എത്രയെന്ന് തിട്ടപ്പെടുത്തി ദേവസ്വം കമ്മീഷണറെ അറിയിക്കുന്നതിന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകി. (പരാമർശം 3)

ശാർക്കര ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസറായിരുന്ന ശ്രീ..പി.എസ്.ദിലീപ്കുമാർ രോഗബാധിതനായി ചികിത്സയിൽ തുടർന്നതിനാൽ, ടി ദേവസ്വത്തിന്റെ അധീഷണൽ ചാർജ് കേളേശ്വരം. ദേവസ്വം സബ്ഗ്രൂപ്പാഫീസർ ശ്രീ.സുരേഷ്കുമാർ ഏറ്റെടുത്തിട്ടുള്ളതായും തുടർന്ന് ശാർക്കര ദേവസ്വം മീനഭരണി ഉത്സവം നടത്തുന്നതിന്റെ തൊട്ട്മുമ്പ് ടിയാൻ സ്വയം അവധിയിൽ പ്രവേശിക്കുകയും 21/03/2022 ലെ വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ ഉത്തരവ് പ്രകാരം വർക്കല ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രിമതി.സിന്ധുറാണി ഉത്സവം നടത്തിപ്പിലേയ്ക്കായി ചാർജ് എടുത്തിട്ടുള്ളതാണെന്നും, എന്നാൽ ശ്രീ.സുരേഷ്കുമാർ ശ്രീമതി.സിന്ധുറാണിയ്ക്ക് ശാർക്കര ദേവസ്വത്തിന്റെ താൽക്കാലിക ചാർജ് നൽകിയപ്പോൾ തുലാഭാരം

സ്റ്റോക്ക് രജിസ്റ്ററും പടി 21/03/2022 വരെയുള്ള ശർക്കരയും (തൂക്കം രേഖപ്പെടുത്തിയിട്ടില്ല) എന്നഭാഗം വെട്ടികളഞ്ഞിട്ടുള്ളതും, ചാർജ് കൈമാറിയപ്പോൾ ശർക്കര ബോദ്ധ്യപ്പെടുത്തി ഏൽപ്പിയ്ക്കാത്തതിനാൽ ആയത് ഏറ്റിട്ടില്ലായെന്ന് എഴുതി ശ്രീമതി.സിന്ധുറാണി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ടി പേജിന്റെ കാർബൺ കോപ്പി കാണപ്പെട്ടിട്ടില്ലാത്തതാണെന്നും തുടർന്ന് സ്ഥലം മാറിവന്ന ശ്രീ.ഉണ്ണികൃഷ്ണൻ നായർക്ക് 05/04/2022 ലെ മഹസ്സർ പ്രകാരം ശ്രീമതി.സിന്ധുറാണി ചാർജ് നൽകിയപ്പോഴും **''തുലാഭാരം സ്റ്റോക്ക് രജിസ്റ്ററും പടി 04/04/2022 വരെയുള്ള ശർക്കര 1952 കിലോഗ്രാം സ്റ്റോക്ക് രജിസ്റ്റർ''** ഭാഗം വെട്ടിയിട്ടുള്ളതുമാണെന്നും, 06/03/2021 ലെ മഹസ്സർ പരിശോധിച്ചതിൽ നാവായിക്കുളം സബ്ഗ്രൂപ്പാഫീസർ ശ്രീ.വിമൽകുമാർ, ശ്രീ.ദിലീപ്കുമാറിന് ചാർജ് നൽകിയ അവസരത്തിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെടുകയും ആയത് ചാർജ് നൽകിയ വിമൽകുമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും മഹസ്സറുകളിൽ തിരുത്തലുകൾ വന്നാൽ ചാർജ്ജ് നൽകുന്ന ആളും ചാർജ് ഏൽക്കുന്ന ആളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണെന്നും എന്നാൽ 22/03/2022, 05/04/2022 തീയതികളിലെ മഹസ്സറുകളിൽ ടി രണ്ട് പേരും ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തി കാണുന്നില്ലായെന്നും 1152 കി.ഗ്രാം ശർക്കരയുടെ പലിശയുൾപ്പെടെ ചുമതല തുക 51,122/- രൂപ ദേവസ്വത്തിലെ പ്രധാന റിക്കാർഡായ മഹസ്സർ വെട്ടിയിട്ടുള്ള സാഹചര്യത്തിൽ ചുമതല തുക ആരിൽ നിന്നും ഈടാക്കണമെന്ന് വ്യക്തമല്ലായെന്നും ടി വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 4)

ടി ദേവസ്വത്തിന്റെ താൽക്കാലിക ചാർജ് ശ്രീ.സുരേഷ്കുമാർ കൈമാറുന്ന അവസരത്തിൽ ടി ദേവസ്വത്തിൽ തുലാഭാര ഇനത്തിൽ വരവുള്ള ശർക്കരയുടെ തൂക്കം ശ്രീമതി.സിന്ധുറാണിയെ ബോദ്ധ്യപ്പെടുത്തി ഏൽപ്പിച്ചിട്ടില്ലായെന്നും ഉത്സവ തിരക്ക് മൂലം ശർക്കരയുടെ തൂക്കം ബോദ്ധ്യപ്പെട്ട് ഏറ്റെടുക്കുന്നതിന് ശ്രീമതി.സിന്ധുറാണിയ്ക്ക് കഴിഞ്ഞിട്ടില്ലാത്തതാണെന്നും തുടർന്ന് അഡ്മിസ്ട്രേറ്റീവ് ആഫീസറായ ശ്രീ.ജെ.ഉണ്ണികൃഷ്ണൻനായർ ചാർജ് ഏറ്റെടുക്കുന്ന അവസരത്തിൽ ശർക്കര തൂക്കി ബോദ്ധ്യപ്പെടുത്തണമെന്നാവശ്യപ്പെട്ടതനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററും പടി രേഖപ്പെടുത്തിയ 1982 കി.ഗ്രാം ശർക്കര തൂക്കി നോക്കിയപ്പോൾ ആകെ 830 കി.ഗ്രാം മാത്രമാണ് കാണപ്പെട്ടിട്ടുള്ളതെന്നും കുറവ് വന്ന 1152 കി.ഗ്രാം ശർക്കരയുടെ വിലയാണ് ചുമതലയായി തിട്ടപ്പെടുത്തിയിട്ടുള്ളതെന്നും, ശർക്കര തൂക്കി ബോദ്ധ്യപ്പെടുത്താൻ ശ്രീ.സുരേഷ്കുമാർ തയ്യാറായിട്ടില്ലാത്തതിനാൽ ചുമതലയായി തിട്ടപ്പെടുത്തിയിട്ടുള്ള ശർക്കരയുടെ വില പ്രസ്തുത കാലയളവിലെ ചുമതലക്കാരനായ ശ്രീ.സുരേഷ്കുമാർ ഒടുക്ക് വരുത്തണമെന്ന് നിർദ്ദേശിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഫിനാൻസ് & ഇൻസ്പെക്ഷൻ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്ന് സൂചന (4) റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതാണ്.

ശ്രീമതി.സിന്ധുറാണി 31/01/2024 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും ടിയാളുടെ പേരിൽ ശാർക്കര ദേവസ്വം 11/22 ഒ.എ.ഡി പ്രകാരം ചുമതല നിലനിൽക്കുന്നതിനാൽ ടിയാളുടെ ഡി.സി.ആർ.ജി നാളിതുവരെ അനുവദിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി ഉണ്ടാകേണ്ടതുള്ളതി

നാൽ ടി നോട്ട് പ്രകാരമുള്ള ചുമതല തുക 51,122/- രൂപ ശ്രീമതി.സിന്ധുറാണി. ശ്രീ.സുരേഷ്കുമാർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിനോ അല്ലാത്ത പക്ഷം വിശദമായ അന്വേഷണം നടത്തുന്നതിനോ ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ ശിപാർശ ചെയ്തിട്ടുള്ളതാണെന്നും ആകയാൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) യെ കൊണ്ട് അന്വേഷണം നടത്തുന്നതിന് വേണ്ട ഉചിതമായ ഉത്തരവുണ്ടാകണമെന്ന് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിട്ടുള്ളതാണ്.

മേൽ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

വർക്കല ഗ്രൂപ്പിലെ ശാർക്കര ദേവസ്വം 11/22 ഒ.എ.ഡി പ്രകാരമുള്ള ചുമതല തുകയായ 51,122/- രൂപ ശ്രീമതി.സിന്ധുറാണി, ശ്രീ.സുരേഷ്കുമാർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് തീരുമാനിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല
7. PS to Hon'ble President
8. ഐ.റ്റി. സെക്ഷൻ
9. മിനിട്സ് സെക്ഷൻ
10. ഫയൽ ബുക്ക്
11. സെക്ഷൻ ഫയൽ
12. ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി